**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **10-08-2023 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ ഡിജിറ്റൽ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല ദർശനത്തിരക്ക് നിയന്ത്രിക്കുവാനും ദർശന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിനായി ശബരിമലയിൽ വെർച്ചൽ ക്യൂ സംവിധാനം നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ടി സംവിധാനം വഴി ശബരിമല ദർശനത്തിനായി ബുക്ക് ചെയ്യുന്ന ഓരോ ഭക്തർക്കും പ്രത്യേക ദർശന സമയം അനുവദിക്കുന്നത് തിരക്ക് നിയന്ത്രണത്തിന് സഹായകമാകുന്നുണ്ട്. ശബരിമലയിലെ പ്രസാദ വിതരണം, വഴിപാട് ബുക്കിംഗ്, റൂം ബുക്കിംഗ് എന്നിവ സുഗമമാക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനുമായി പ്രസ്തുത സൗകര്യങ്ങൾ നിലവിൽ onlinetdb.com, sabarimalaonline.org എന്നീ പോർട്ടലുകൾ മുഖാന്തിരം ഓൺലൈനായി ലഭ്യമാക്കിവരുന്നുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04/04/2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്ക് നിയന്ത്രിക്കുന്നതിനും തീർത്ഥാടകർക്ക് മെച്ചപ്പെട്ട ദർശനം ഉറപ്പ് വരുത്തുന്നതിനുമായി RF ID, QR Code എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനു തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിനായി ശബരിമലയിൽ വെർച്ചൽ ക്യൂ സംവിധാനം നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ടി സംവിധാനം വഴി ശബരിമല ദർശനത്തിനായി ബുക്ക് ചെയ്യുന്ന ഓരോ ഭക്തർക്കും പ്രത്യേക ദർശന സമയം അനുവദിക്കുന്നത് തിരക്ക് നിയന്ത്രണത്തിന് സഹായകമാകുന്നുണ്ട്. ശബരിമലയിലെ പ്രസാദ വിതരണം, വഴിപാട് ബുക്കിംഗ്, റൂം ബുക്കിംഗ് എന്നിവ |

| | | | |
|---|---|---|---|
| | | | സുഗമമാക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനുമായി പ്രസ്തുത സൗകര്യങ്ങൾ നിലവിൽ onlinetdb.com, sabarimalaonline.org എന്നീ പോർട്ടലുകൾ മുഖാന്തിരം ഓൺലൈനായി ലഭ്യമാക്കിവരുന്നുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04/04/2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്ക് നിയന്ത്രിക്കുന്നതിനും തീർത്ഥാടകർക്ക് മെച്ചപ്പെട്ട ദർശനം ഉറപ്പ് വരുത്തുന്നതിനുമായി RF ID, QR Code എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനു തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇ-കാണിക്ക പോലുള്ള ഡിജിറ്റൽ പണമിടപാട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ കൂടി ആരായുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭക്തർക്ക് ശബരിമലയിൽ എത്താതെ തന്നെ ഡിജിറ്റലായി കാണിക്ക സമർപ്പിക്കുന്നതിനുള്ള ഇ-കാണിക്ക സംവിധാനം ശബരിമല വെർച്വൽ ക്യൂ പോർട്ടൽ മുഖാന്തിരം 06/06/2023 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ